"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - തൃശ്ശൂർ ചെമ്പുക്കാവ് ഹോളി ഫാമിലി സി.ജി.എച്ച്.എസ്.എസ്.- ൽ കമ്പൂട്ടർ സയൻസ് ബാച്ചിൽ (കോഴ്സ് കോഡ് - 5) തസ്തികകൾ സൃഷ്ടിച്ചും ബയോളജി സയൻസ് ബാച്ചിൽ തസ്തികകൾ ഉയർത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എച്ച്)വകുപ്പ്**

സ.ഉ.(കൈ) നം.49/2025/GEDN തീയതി, തിരുവനന്തപുരം, 31-03-2025

---

പരാമർശം:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.08.2024-ലെ AcdC3/508/2023/DGE/HSE നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ചെമ്പുക്കാവ് ഹോളി ഫാമിലി സി.ജി.എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം, ഇംഗ്ലീഷ് എന്നീ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി ഉയർത്തണമെന്നും എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ്, എച്ച്.എസ്.എസ്.റ്റി ജൂനിയർ ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ഹിന്ദി എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച അപേക്ഷ തസ്തിക നിർണ്ണയ ഉത്തരവിന്റെയും ഐ.സി.റ്റി സെൽ ഡേറ്റയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2015-16 അധ്യയന വർഷം കോഴ്സുകൾ അനുവദിച്ചത് മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് മുടങ്ങാതെ അധ്യയനം നടത്തി വരുന്നത് പരിഗണിച്ചും ഐ.സി.ടി സെൽ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തുടർച്ചയായി തസ്തിക അനുവദിക്കാനുള്ള കുട്ടികൾ ലഭ്യമാണെന്ന വസ്തുത പരിഗണിച്ചും, പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ള, തൃശ്ശൂർ ചെമ്പുക്കാവ് ഹോളി ഫാമിലി സി.ജി.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം, ഇംഗ്ലീഷ് എന്നിവയിൽ ഓരോ തസ്തികകൾ എച്ച്.എസ്.എസ്.റ്റി തസ്തികയായി ഉയർത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ്, എച്ച്.എസ്.എസ്.റ്റി ജൂനിയർ ഗണിതം,

ഫിസിക്സ്, കെമിസ്ട്രി, ഹിന്ദി എന്നിവയിൽ ഓരോ പുതിയ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.

മേഖലാ ഉപമേധാവി, ഹയർസെക്കന്ററി വിദ്യാഭ്യാസം, എറണാകുളം.

കോർ പ്പറേറ്റ് മാനേജർ, നവജ്യോതി എഡ്യൂക്കേഷണൽ ഏജൻസി, ഒളര് പുല്ലാഴി.പി.ഒ., തൃശ്ശൂർ – 680012.

പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം. 2822 തീയതി 26.03.2025 )

ധനകാര്യ വകുപ്പ് (10.10.2024-ലെ EDN-B1/335/2021-FIN E:1866566 ( അനൗദ്യോഗിക കുറിപ്പ് പ്രകാരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 01-04-2025 11:05:39

സെക്ഷൻ ഓഫീസർ